**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 90** **22-02-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പേർക്കാണ് പ്രവാസി ക്ഷേമ പെൻഷൻ ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ; പ്രതിമാസ പെൻഷൻ തുക എത്രയാണെന്ന് വിശദമാക്കുമോ; | (എ) | 2022 ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന 21,824 പേർ ഉണ്ട്. പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്ത് അഞ്ച് വർഷം തുടർച്ചയായി അംശദായമടച്ചിട്ടുള്ള പെൻഷൻ പ്രായം പൂർത്തിയാക്കിയ പ്രവാസി കേരളീയർക്ക് ഇപ്പോൾ നൽകി വരുന്ന അടിസ്ഥാന പ്രതിമാസ പെൻഷൻ 2000/- രൂപയാണ്. അംശദായ അടവിൽ 5 വർഷത്തിനു മുകളിൽ പൂർത്തിയായ ഓരോ വർഷത്തിനും അടിസ്ഥാന പെൻഷന്റെ 3% തുക അധികമായി നൽകി വരുന്നു. |
| (ബി) | പ്രവാസി പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) | 18 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്ത് അറുപത് വയസ്സ വരെ തുടർച്ചയായി അംശദായമടച്ചിട്ടുള്ളതും, 55 വയസ്സ മുതൽ 60 വയസ്സ വരെയുള്ള കാലയളവിൽ അംഗത്വമെടുത്ത് അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ പ്രവാസി കേരളീയർക്കാണ് പെൻഷൻ പ്രായം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ച വരുന്നത്. |
| (സി) | പ്രവാസി പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എത്ര രൂപയാണ് വർദ്ധിപ്പിക്കുന്നത്; പുതുക്കിയ പെൻഷൻ തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 1എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും പെൻഷൻ 3500/- രൂപ ആയും 1ബി/2എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും പെൻഷൻ 3000/- രൂപ ആയും വർദ്ധിപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | പ്രവാസി പെൻഷൻ അനുവദിക്കുന്നതിന് നിലവിൽ കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ